(സി) അകലസിഷനുവേണ്ടി തുക മാറ്റിവച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി—ഡി) പരിശോധിച്ചു വരുന്നു.

ഇടുക്കി ജില്ലയിൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ തമിഴ് ഭാഷയിൽ പരീക്ഷ

124 [5105] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ തമിഴ് ഭാഷ പഠിപ്പിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉടുമ്പൻചോല താലൂക്കിൽ തമിഴ് രണ്ടാം ഭാഷയായി അംഗീകരിക്കുന്ന ഒരു സ്കൂൾ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) മലയാളം രണ്ടാം ഭാഷയായി എടുത്തിട്ടുള്ള ഈ ജില്ലയിലെ വിദ്യാർത്ഥികൾക്ക് 12-ാം ക്ലാസ്സിലെ പരീക്ഷ മലയാളത്തിൽ എഴുതുവാൻ അനുവദിക്കുകയും പ്രസ്തുത ക്ലാസ്സിൽ (12-ാം ക്ലാസ്സ്) പഠിക്കുന്ന തമിഴ് വിദ്യാർത്ഥികൾക്ക് തമിഴിൽ പരീക്ഷ എഴുതുവാൻ അനുമതി നൽകിയിട്ടില്ലെന്നും ഇതുമൂലം തമിഴ് വിദ്യാർതഥികളുടെ വിജയ ശതമാനം കുറയുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇവരുടെ വിജയശതമാനം ഉയർത്തുവാൻ 12-ാം ക്ലാസ്സിലെ അവസാന വർഷ പരീക്ഷ തമിഴ് ഭാഷയിൽ എഴുതുവാൻ ഉത്തരവ് നൽകാമോ;

(ഇ) ഇല്ലെങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) തമിഴ് രണ്ടാം ഭാഷയായി പഠിപ്പിക്കുന്നുണ്ട്.

(ബി) ഇപ്രകാരം സ്കൂൾ തുടങ്ങുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(സി—ഇ) നിലവിലുള്ള നിയമമനുസരിച്ച് ഹയർ സെക്കണ്ടറി പരീക്ഷ ഇംഗ്ലീഷിലോ മലയാളത്തിലോ എഴുതാവുന്നതാണ്. തമിഴിൽ പരീക്ഷ എഴുതുവാനുള്ള അനുമതി നൽകുന്നതുമൂലം മറ്റു ഭാഷാ ന്യൂനപക്ഷങ്ങൾക്കും ഇതേ ആനുകൂല്യം അനുവദിക്കേണ്ടിവരുകയും തദ്വാര നിലവിലുള്ള പരീക്ഷാ സമ്പ്രദായത്തിന്റെ സുഗമമായ നടത്തിപ്പിനെ അത് ദോഷകരമായി ബാധിക്കുകയും ചെയ്യുന്നതാണ്.

ഹയർസെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽ നിയമനത്തിന് വേണ്ട യോഗ്യതകൾ

125 [5106] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽ നിയമനത്തിന് അവശ്യം വേണ്ട യോഗ്യതകൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) പി.എച്ച്.ഡി., എം. ഫിൽ., സെറ്റ്, ഡിപ്പാർട്ടുമെന്റ് ടെസ്റ്റ് എന്നിവ പാസ്സായ ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് പ്രിൻസിപ്പൽ നിയമനത്തിന് മുൻഗണന നൽകുമോ;

(സി) 2001-2002-ൽ സെറ്റ് പാസ്സായ അദ്ധ്യാപകരിൽ പലരും റിട്ടയർമെന്റ് പ്രായത്തിനടുത്ത് ആയതിനാൽ അവരെക്കൂടി ഉൾപ്പെടുത്തി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽ നിയമനത്തിന് അവശ്യം വേണ്ട യോഗ്യതകൾ ചുവടെ ചേർക്കുന്നു:

(1) കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നും അമ്പതു ശതമാനത്തിൽ കുറയാത്ത മാർക്കോടെ നേടിയ നിരുദ്ദാനന്തരബിരുദം അഥവാ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ച പ്രസ്തുത യോഗ്യത.

(2) കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നും നേടിയ ബി.എഡ്. ബിരുദം അഥവാ തത്തുല്യ യോഗ്യത.

(3) പത്തുണ്ട് വർഷത്തെയെങ്കിലും അംഗീകൃത അദ്ധ്യാപന പരിചയം (ഹയർ സെക്കണ്ടറി വിഭാഗത്തിൽ അദ്ധ്യാപന പരിചയം ഉള്ളവർക്ക് അതിന്റെയടിസ്ഥാനത്തിൽ മുൻഗണന ലഭിക്കുന്നതാണ്).

(ബി) ഇത്തരത്തിൽ മുൻഗണന നൽകാൻ സ്പെഷ്യൽ റൂൾസിൽ വ്യവസ്ഥയില്ല.

(സി) സ്പെഷ്യൽ റൂൾസിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ പ്രകാരം നിയമിക്കപ്പെട്ടു കഴിഞ്ഞ ഹയർ സെക്കണ്ടറി അദ്ധ്യാപകരെ മാത്രമാണ് യോഗ്യരായ ഹെഡ്മാസ്റ്റർമാർക്ക് പുറമേ പ്രിൻസിപ്പൽ നിയമനത്തിന് പരിഗണിക്കാൻ കഴിയുന്നത്. ആയതിനാൽ 2001-2002-ൽ സെറ്റ് പാസ്സായ ഹൈസ്കൂൾ അദ്ധ്യാപകരെ പരിഗണിക്കാൻ നിർവ്വാഹമില്ല.

ജൂനിയർ ലക്ചറർമാർക്ക് ഹയർസെക്കണ്ടറി പ്രിൻസിപ്പൽമാരായി നിയമനം

126 [5107] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
„ സ്റ്റീഫൻ ജോർജ്ജ്:
„ തോമസ് ഉണ്ണിയാടൻ:
„ മാണി മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട കാതോലിക്കേറ്റ് ഹയർ സെക്കണ്ടറി സ്കൂളിലെ ജൂനിയർ ലക്ചറർ ആയി ജോലി ചെയ്യുന്ന നാൻസി വർഗ്ഗീസിൽ നിന്നും ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രിൻസിപ്പൽ നിയമനം സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) പരാതി അടിസ്ഥാനപരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5108-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

LIBRARY ARCHIVES Kerala Legislative Assembly